കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.Gov.in

# കോളയാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

# കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

**e-mail: lfaddistofficeknr@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ എസ് എ / കെ എൻ ആർ / സി4/69/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670001.

തീയതി.08-02-2017

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

കോളയാട് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : കോളയാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 , ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട്കൈപ്പറ്റിരണ്ടുമാസത്തിനകംഇതിൽഉൾപ്പെടുന്നഓഡിറ്റ്പരാമർശങ്ങൾ/ തടസ്സങ്ങൾഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ വഴി)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )

3)കാര്യാലയ പകർപ്പ്

നം കെ എസ് എ / കെ എൻ ആർ /സ4/69/2017 തിയ്യതി:08-07-2017

# കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16വർഷത്തെധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

## ആമുഖം

കണ്ണൂർജില്ലയിലെ കോളയാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.04-01-2017 വരെയുള്ള വിവധയിനങ്ങളിലെ പണംവരവ്,ഒടുക്ക്,പിൻവലിക്കൽ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ.മഠത്തിൽ<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| 5.1.2017മുതൽ 17.1.2017 വരെ | ശ്രീ. രഘുനാഥ്.സി | അസിസ്റ്റൻറ്ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിപിന വത്സരാജ് | സീനിയർഗ്രേഡ്ഓഡിറ്റർ |

നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

<u>പ്രസിഡണ്ട്</u>:

| പേര് | | കാലയളവ് |
|---|---|---|
| ശ്രീമതി.വത്സ ഓലിക്കുഴി | | 1.4.2015 മുതൽ 31.10.2015 വരെ |
| ശ്രീ.എം.ആർ.പ്രഭാകരൻ (സെക്രട്ടറി) | ഭരണ നിർവ്വഹണകമ്മിറ്റി അംഗങ്ങൾ | 1.11.2015 മുതൽ 18.11.2015വരെ |
| ശ്രീമതി.ശോഭന .എ.വി (ഐ സി ഡി എസ് സൂപ്പർവൈസർ) | | |
| ശ്രീ.മാത്യുകോശി ( കൃഷി ഓഫീസർ) | | |
| ശ്രീ.കെ.പി.സുരേഷ് കുമാർ | | 19.11.2015മുതൽ 31.3.2016വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ .എം.ആർ.പ്രഭാകരൻ | 1.4.2015 മുതൽ 31.3.2016 വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

<table>
<tr><th>ഉദ്യോഗപ്പേര്</th><th>പേര്</th><th>കാലയളവ്</th></tr>
<tr><td rowspan="4">കൃഷി ഓഫീസർ</td><td rowspan="2">ശ്രീ.സുഭാഷ്</td><td>1.4.2015 മുതൽ 28.5.2015വരെ</td></tr>
<tr><td>5.6.2015 മുതൽ 4.7.2015വരെ</td></tr>
<tr><td rowspan="2">ശ്രീ.മാത്യൂ കോശി</td><td>29.5.2015മുതൽ 4.6.2015വരെ</td></tr>
<tr><td>6.7.2015 മുതൽ 31.3.2016വരെ</td></tr>
<tr><td>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>( വേക്കളം )</td><td>ശ്രീ.വിപിൻ ദാസ്</td><td>1.4.2015മുതൽ 31.3.2016വരെ</td></tr>
<tr><td>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>(കോളയാട്)</td><td>ശ്രീ. മനോജ്.സി.വി</td><td>1.4.2015മുതൽ 31.3.2016 വരെ</td></tr>
<tr><td rowspan="8">വെറ്റിനറി സർജ്ജൻ<br>.</td><td>ഡോ.ജി.അറുമുഖൻ</td><td>1.4.2015 മുതൽ12.9.2015വരെ</td></tr>
<tr><td rowspan="3">ഡോ.പ്രമോദ്.എസ്</td><td>13.9.2015മുതൽ 29.12.2015വരെ</td></tr>
<tr><td>20.1.2016മുതൽ 5.2.2016വരെ</td></tr>
<tr><td>26.02.2016 മുതൽ 22.03.2016വരെ അധിക ചുമതല</td></tr>
<tr><td rowspan="2">ഡോ.റീന.കെ.കെ</td><td>30.12.2015 മുതൽ19.1.2016വരെ</td></tr>
<tr><td>6.2.2016 മുതൽ 25.2.2016വരെ</td></tr>
<tr><td>ഡോ.അനസ്</td><td>23.3.2016 മുതൽ 31.3.2016വരെ</td></tr>
</table>

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ ഗവ:ആയ്യുർവേദ ഡിസ്പെൻസറി | ഡോ.ഷാമിലി | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.ഷെറീജ് | 1.4.2015 മുതൽ 27.4.2015FN വരെ |
| | ഡോ.ഷഫാഫ്അബ്ദുൽ കരീം | 27.4.2015 AN മുതൽ 31.3.2016വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ശോഭന.എ.വി | 1.4.2015മുതൽ 31.8.2015 വരെ |
| | ശ്രീമതി.സാംഭവി.കെ.പി | 1.9.2015 മുതൽ31.3.2016വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീ.അനിൽ.കെ.പി | 1.4.2015 മുതൽ22.8.2015വരെ |
| | ശ്രീ.ദിവാകരൻ | 23.8.2015 മുതൽ31.3.2016വരെ |
| അസിസ്റ്റൻറ് എഞ്ചിനിയർ | ശ്രീ.രമേശൻ.ടി | 1.4.2015 മുതൽ 31.5.2015 വരെ |
| | ശ്രീ.പ്രകാശ് ബാബു.എം | 1.6.2015മുതൽ 31.3.2016 വരെ |

ഉള്ളടക്കം

**ഭാഗം 1 പ**


| **ക്രമ നം.** | **ഇനം** | **ഖണ്ഡിക നമ്പർ** |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |

| | | | |
|---|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം. | 1(6) | |
| 7 | തനത് വരുമാനം. | 1(7) | |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(8) | |
| 9 | ക്ഷേമപദ്ധതികൾ | 1(9) | |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1(11) | |
| 11 | ഗ്രാമസഭ | 1(12) | |
| 12 | ആഭ്യന്തര നിയന്ത്രണം | 1(13) | |

ഭാഗം II-വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| | | |
|---|---|---|
| 1 | ആകെ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി ഈടാക്കിയില്ല20,077 നഷ്ടം | 2(1) |
| 2 | ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിച്ചില്ല - വസ്തുനികുതിയിൽ വൻ തുക കുറവ് വരുന്നു | 2(2) |
| 3 | മുഴുവൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല-₹ 7,860/- രൂപ വരവ് നഷ്ടം | 2(3) |
| 4 | വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിഈടാക്കിയില്ല .₹250 നഷ്ടം | 2(4) |
| 5 | വിറ്റുവരവിനനുസൃതമായി ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയില്ല: 700/- രൂപ നഷ്ടം | 2(5) |
| 6 | ഡി&ഒ ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം | 2(6) |
| 7 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയില്ല : 13,200/-രൂപ വരവ് നഷ്ടം | 2(7) |
| 8 | പരസ്യനികുതി ഈടാക്കുന്നില്ല | 2(8) |

| | | |
|---|---|---|
| 1 | ആകെ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി ഈടാക്കിയില്ല20,077 നഷ്ടം | 2(1) |
| 9 | ഇ ടെണ്ടർ- ടെണ്ടർ ഫോറം വില ഇനത്തിൽ ₹9,400 രൂപ ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചില്ല | 2(9) |

**ഭാഗം-III ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല :30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3(1) |
| 2 | വികലാംഗർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ : ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചുവെന്നുറപ്പു വരുത്തേണ്ടതാണ്. | 3(2) |
| 3 | അർഹമായ സ്കോളർഷിപ്പ് തുകകൾ നൽകാത്തത് | 3(3) |
| 4 | കന്നുകാലികളെ വളർത്തൽ - പതിനൊന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ധനസഹായം കൈപ്പറ്റിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നില്ല | 3(4) |
| 5 | പ്ലാസ്റ്റിക്ക് മുക്ത ഗ്രാമം- വിവര വിജ്ഞാന ബോധവൽക്കരണ പ്രർത്തനങ്ങൾക്ക് തനത് ഫണ്ടുപയോഗിച്ചത് - ₹ 16,000 തടസ്സപ്പെടുത്തുന്നു | 3(5) |
| 6 | ആശ്രയ പദ്ധതി - ഭവന നിർമ്മാണം- ഒരു ഗുണഭോക്താവിന് മാത്രം നൽകിയത് | 3(6) |
| 7 | കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല.₹ 2,56,820/- തടസ്സപ്പെടുത്തുന്നു. | 3(7) |
| 8 | ഡോക്യുമെന്ററി പുറത്തിറക്കിയില്ല- മീഡിയാശ്രീ പ്രൊജക്ടിന് പഞ്ചായത്ത് വിഹിതമായി നൽകിയ ₹65,000/- തടസ്സപ്പെടുത്തുന്നു. | 3(8) |

| | | |
|---|---|---|
| 9 | പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാല താമസം -പിഴ ഈടാക്കേണ്ടതാണ് | 3(9) |
| 10 | ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാലതാമസം | 3(10) |
| 11 | ബാലൻസ് ഷീറ്റ് - b4 -ഷെഡ്യൂളിൽ നീക്കിയിരിപ്പുള്ള ₹ 78.92 ലക്ഷം തുകയുടെ വിശദവിവരം | 3(11) |
| 12 | പ്രോജക്ടിന് വിരുദ്ധമായ ചെലവ് - ₹34,650 തടസ്സപ്പെടുത്തുന്നു | 3(12) |
| 13 | ആശ്രയപദ്ധതി- അവലോകനം | 3(13) |
| 14 | ഇ എം എസ്ഭവന പദ്ധതി പൂർത്തീകരിച്ചില്ല | 3(14) |
| 15 | ജലനിധി പദ്ധതി അവലോകനം | 3(15) |

ഭാഗം-IV പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |
| 1 | അനുബന്ധം -1 (ഓഡിറ്റ് സർട്ടിഫിക്കറ്റ് ) | |

## ഭാഗം -1

## പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ റിവൈസ്ഡ് ബജറ്റ് 29.2.2016 തീയതിയിലെ 72/2016 നമ്പർ ഭരണ സമിതി തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ്പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 51,06,613 | 29847589 | | | |
| വരവ് | 14,19,85,743 | 11,09,13,453 | | 3,10,72,290 | (-)21.88% |
| ആകെ വരവ് | 14,70,92,356 | 14,07,61,042 | | 63,31,314 | (-) 4.30% |
| ചെലവ് | 14,54,10,251 | 11,96,61,566 | | 2,57,48,685 | (-)17.70% |
| നീക്കിയിരിപ്പ് | 16,82,105 | 2,10,99,476 | | | |

എസ്.എഫ്.സി.സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവും ചെലവുമാണ് ഓഡിറ്റിൽ സ്വീകരിച്ചിട്ടുള്ളത്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.2016 | 28.6.2016 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2015-16 | 12.1.2017&13.1.2017 | കെ.എസ്.എ./കെ.എൻ.ആർ./സി4/69/2017തിയതി.08-02-2017 | വിശേഷണങ്ങളോടു കൂടിയത്. |

<u>വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ</u>

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**2)** മറ്റു നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന നിയമപരമായ നികുതികൾ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല

3)അംഗൻവാടി ന്യൂട്രീഷൻ ചെലവ് തുക സേവനമേഖലയിൽ ഉൾപ്പെടുത്തേണ്ടതിന് പകരം ഉത്പാദനമേഖലയിലാണ് ചേർത്തിരിക്കുന്നത്.

4)താഴെ പറയുന്നഷെഡ്യൂളുകൾ തമ്മിൽപൊരുത്തപ്പെടുന്നില്ല.ഷെഡ്യൂളുകളിലെ തുകകളിലെ വ്യത്യാസത്തിന് **Notes on accounts** തയ്യാരാക്കിയിട്ടില്ല.

R&P-16 & I -14 (a)

R&P-4& I -4(b)

R&P-13 & I -12(b)

R&P-18 & I -14 (c)

R&P-21 & I -15(a)

## 1-4 സാമ്പത്തിക വിശകലനം

2015-16വർഷങ്ങളിലെ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രിക 28-06-2016 ന് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.എസ്.എഫ്.സി.പത്രിക പ്രകാരമുള്ള വരവും ചെലവും താഴെ കൊടുക്കുന്നു.

<u>സാമ്പത്തികവിശകലനം</u>

| ഇനം | 2015-16 |
|---|---|
| മുന്നിരിപ്പ് | 29847589 |
| വരവ് | 11,09,13,453 |
| ആകെ | 14,07,61,042 |
| ചെലവ് | 11,96,61,566 |
| നീക്കിയിരിപ്പ് | 2,10,99,476 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 25,30,210 | 64,15,344 | (+)26,35,784 | 1,15,81,338 | 1,15,81,338 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2,58,775 | 2,10,000 | (-)2,28,775 | 2,40,000 | 2,40,000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 14,03,149 | 55,17,959 | 0 | 69,21,108 | 69,21,108 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 7,22,301 | 47,02,123 | 0 | 54,24,424 | 54,24,424 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5,82,438 | 23,15,258 | 0 | 28,97,696 | 28,97,696 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13,36,821 | 51,41,771 | (-)19,15,121 | 45,63,471 | 45,63,471 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 25,73,000 | 4,91,688 | (-)4,91,688 | 2,57,300 | 2,57,300 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 2,44,12,837 | 0 | 2,44,12,837 | 2,44,12,277 | 560 | 99.99 |
| ബി ഫണ്ട് | | 2,25,31,22 | | 2,25,31,220 | 2,25,31,220 | | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 15-16 | 164 | 69498187 | 123 | 40258599 | 6 | 35 | 75% |

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 5.74% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 23,92,792 | 25,42,543 | 1,49,751 | (+) 6.25% |
| ഫീസുകൾ | 2,14,968 | 2,37,319 | 22,351 | (+)10.39% |
| മറ്റുവരവുകൾ | 12,75,078 | 13,26,016 | 50,938 | (+) 3.99% |
| ആകെ | 38,82,838 | 41,05,878 | 2,23,040 | (+)5.74% |

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.12.2016 മുതൽ 15.12.2016 വരെ | 1.9.2016 മുതൽ 30.11.2016വരെ | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.8.2011 മുതൽ 26.8.2011 വരെ | 2008-09 മുതൽ 2010-11 വരെ | 25-01-2012 |

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 34,200 | 24 |
| കർഷകതൊഴിലാളി ക്ഷേമപെൻഷൻ | 2483280 | 312 |
| വിധവ പെൻഷൻ | 6843520 | 702 |
| വാർദ്ധക്യകാല പെൻഷൻ | 9796770 | 1056 |
| വികലാംഗ പെൻഷൻ | 2116950 | 187 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 826800 | 84 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

**1994**ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **6(4)** പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന **11.1.2017-3.30 pm** ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി**. 3,612** രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭ

015-16 വർഷത്തിൽ ആകെ 4 തവണഗ്രാമസഭ കൂടിയിട്ടുണ്ട് . പഴയഭരണസമിതിയുടെ കാലത്ത് 3 ഉം പുതിയ ഭരണസമിതി നിലവിൽ വന്നതിനു ശേഷം ഒരു ഗ്രാമസഭയും കൂടിയിട്ടുണ്ട്.3വാർഡുകളിലെ ഗ്രാമസഭ ചേർന്നതിന്റെ വിവരം താഴെ കൊടുക്കുന്നു.ഗ്രാമസഭകളിൽ ക്വാറം തികയുന്നത്ര വോട്ടർമാരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.

## 1-12 ആഭ്യന്തര നിയന്ത്രണം

1994ലെ കേരള പഞ്ചായത്തിരാജ് നിയമത്തിലെ 180ാം വകുപ്പ് പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ചുമതലകൾ നിർവഹിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് ത.സ്വ.ഭ .വ സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയരക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

(ഒന്ന്) സ്റ്റാഫ് മീറ്റിങ് : ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചയത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ സെക്രട്ടറി ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ ഇവിടെ ഇത് കൃത്യമായി നടപ്പിൽ വരുത്തിയതായി കണ്ടില്ല. ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ഈകാലയളവിൽ പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങ് കൂടിയിട്ടില്ല.ആകെ 4 പ്രാവശ്യം മാത്രമാണ് യോഗം ചേർന്നത്.

പ്രതിമാസ യോഗങ്ങൾ ചേർന്ന് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(രണ്ട്) ഓഫീസ് ഉത്തരവ് : ഓഡിറ്റ് കാലയളവിൽ പുറപ്പെടുവിച്ച ഓഫീസ് ഉത്തരവുകളിൽ ജീവനക്കാർക്ക് ചുമതലകൾ എല്പിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(മൂന്ന്) വ്യക്തി വിവര റജിസ്റ്റർ സൂക്ഷിപ്പ് : രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്

(നാല്) കാഷ്വൽ ലീവ് റജിസ്റ്റർ :കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്

(അഞ്ച്) പേഴ്സണൽ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

## 1-13 ദുരിതാശ്വാസനിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രകൃതിക്ഷോഭം, രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ കഷ്ടതഅനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഒരു ദുരിതാശ്വാസനിധി രൂപികരിക്കണമെന്ന് 2003 ലെ കേരളാ

പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപികരണവും വിനിയോഗവും) ചട്ടങ്ങളിൽവ്യവസ്ഥചെയ്തിട്ടുണ്ട്.ഇപ്രകാരം പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തികവർഷം 4635/-രൂപ അക്കൌണ്ടിൽ മുന്നിരിപ്പുണ്ട്. തൻവർഷം പലിശയിനത്തിൽ 209/- രൂപ വരവുണ്ട്. എന്നാൽ തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. 31.03.2016തീയ്യതിയിൽ 4844/-രൂപ അക്കൌണ്ടിൽ നീക്കിയിരിപ്പുണ്ട്.വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഈ ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തി പ്രകൃതിക്ഷോഭം, മാറാരോഗം എന്നിവ മൂലം കഷ്ടതയനുഭവിക്കുന്ന ഗ്രാമപ്രദേശത്ത് താമസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ആകെ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി കണക്കാക്കിയില്ല. 13,077 രൂപയുടെ വരവ് നഷ്ടം

കോളയാട് ഗ്രാമപഞ്ചായത്തിലെ 25-10-11 ലെ എ2 3664/11 നമ്പർ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനം പ്രകാരം 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യ സ്ഥാപനങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 60 രൂപ നിരക്കിലാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. തറവിസ്തീർണ്ണം എന്നാൽ ഒരു ഏകനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറനിരപ്പിന്റെ വിസ്തീർണ്ണം എന്നും ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറനിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും അർത്ഥമാകുന്നു. ഒരു കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തെ പ്രസ്തുത കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് കൊണ്ട് ഗുണിച്ച് കിട്ടുന്ന തുക അതിന്റെ തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയിലേക്ക് ക്രമീകരിച്ച പ്രകാരം ആ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയായിരിക്കുന്നതാണ്. എന്നാലിതിനു വിരുദ്ധമായി ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഏകനില /ബഹുനില കെട്ടിടങ്ങൾക്ക് അവയുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ മുറികൾക്കും പ്രത്യേകം പ്രത്യേകം നികുതി കണക്കാക്കിയതായാണ് ഓഡിറ്റിന് ഹാജരാക്കിയ ഫയലുകളുടെ പരിശോധനയിൽ വ്യക്തമായത്.ഇപ്രകാരം വസ്തുനികുതി കണക്കാക്കുമ്പോൾ അടിസ്ഥാന വസ്തുനികുതി നിരക്കിൽ കാര്യമായ വ്യത്യാസം വരികയും കെട്ടിടങ്ങൾക്ക് യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതിയിൽ വൻ കുറവ് വരികയും ചെയ്യുന്നു.ഇത്തരത്തിൽ നികുതി നിശ്ചയിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ പേര് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമസ്ഥന്റെ പേര് / കെട്ടിടത്തിന്റെ തരം | വാർഡ് / കെട്ടിട നമ്പർ | വിസ്തീർണ്ണം(ച.മീ) | വസ്തു നികുതി കണക്കാക്കയത് (ലൈബ്രറി സെസ്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | ഉൾപ്പെടെ)@40/-per m2<br>20% വർദ്ധനവ് |
| കരവേട്ടയിൽ മനോജ് &ചക്കിയത്ത് സിബി ജോസഫ് കോളയാട് | 11/145എ | 61.2 | 3085 |
| | 11/145ബി | 41 | 2067 |
| | 11/145സി | 25.4 | 1280 |
| | 11/145ഡി | 25.4 | 1280 |
| | 11/145ഇ | 61.2 | 3085 |
| | 11/145എഫ് | 46.8 | 2261 |
| | 11/145ജി | 31.21 | 1507 |
| | 11/145എച്ച് | 31.21 | 1507 |
| | 11/145ഐ | 72.87 | 3520 |
| ആകെ വിസ്തീർണ്ണം | | 396.29 | 19,592 |
| ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ വി.എഫ്.പി.സി.കെ. | 8/440സി | 32 | 1613 |
| | 8/440ഡി | 25 | 1260 |
| | 8/440ഇ | 45.94 | 2201 |
| ആകെ വിസ്തീർണ്ണം | | 102.94 | 5074 |

മേൽകെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ചുമത്തേണ്ട വസ്തുനികുതി താഴെ പറയും പ്രകാരമാണ്.

| കെട്ടിട ഉടമസ്ഥന്റെ പേര് | ആകെ വിസ്തീർണ്ണം | ഈടാക്കേണ്ടവസ്തു നികുതി(ലൈബ്രറി സെസ്സ് ഉൾപ്പെടെ)@60/-per m2 |
|---|---|---|
| കരവട്ടിയിൽ മനോജ് &ചക്കിയത്ത് സിബി ജോസഫ് കോളയാട് | 396.29 | 396.29X60=23,777.4+<br>(20%വർദ്ധന)4755.48=28,532.88=28,533<br>5%L.C=1426.65=1427<br>28,533+1,427=29,960 |
| ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ വി.എഫ്.പി.സി.കെ. | 102.94 | 102.94X60=6,176.4+<br>(20%വർദ്ധന)1235.28=7411.68=7412<br>5%LC=370.6=371<br>7412+371=7,783 |

**വസ്തുനികുതി ഈടാക്കിയതിലെ കുറവ്**

| കെട്ടിടഉടമസ്ഥന്റെ പേര് | ഈടാക്കേണ്ട വസ്തുനികുതി(ലൈബ്രറി സെസ്സ് | ഈടാക്കിയ വസ്തുനികുതി (ലൈബ്രറി | കുറവ് |
|---|---|---|---|

| | | | |
|---|---|---|---|
| | ഉൾപ്പെടെ)@60/-per m2 | സെസ്സ് ഉൾപ്പെടെ)@40/-per m2 | |
| കരവട്ടയിൽ മനോജ്&ചക്കിയത്ത് സിബി ജോസഫ് <br><br> കോളയാട് | 29,960 | 19,592 | 10,368 |
| ചീഫ് എക്സിക്യൂട്ടീവ് ഓഫീസര് വി.എഫ്.പി.സി.കെ | 7,783 | 5074 | 2,709 |
| ആകെ കുറവ് വന്ന നികുതി | | | 13,077 |

വസ്തുനികുതി കണക്കാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് ഈടാക്കിയതിൽ കുറവു വന്ന തുക ഈടാക്കേണ്ടതാണ്. മേൽ അപാകം മുൻവർഷങ്ങളിലെ നികുതി കണക്കാക്കുമ്പോഴും ഉണ്ടായിട്ടുണ്ടോ എന്ന പരിശോധിച്ച് അപാകങ്ങൾ പരിഹരിച്ച് വരുമാന നഷ്ടം നികത്തേണ്ടതാണ്

## 2-2 ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിച്ചില്ല - വസ്തുനികുതിയിൽ വൻ തുക കുറവ് വരുന്നു

2015-16 കാലയളവിൽ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി ലൈസൻസ് നൽകിയ താഴെപറയുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിന് എന്ന തരത്തിൽ കെട്ടിട നികുതി നിർണ്ണയിച്ചിട്ടുണ്ട്.

| ക്രമ നം | വാർഡ്/ കെട്ടിട നം | വിസ്തീർണ്ണം ച.മീ | അടിസ്ഥാന വസ്തുനികുതി (പാർപ്പിടത്തിന് @5/-per m2 | അടിസ്ഥാന വസ്തുനികുതി (വാണിജ്യാവശ്യത്തിന് @40/-per m2 | അടിസ്ഥാന വസ്തുനികുതി നിരക്കിൽ വരുന്ന കുറവ് |
|---|---|---|---|---|---|
| 1 | 4/173 | 85 | 425 | 3400 | 2975 |
| 2 | 4/174 | 383 | 1915 | 15320 | 13405 |

ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കുക വഴി ഈയിനത്തിൽ വൻതുക ഗ്രാമപഞ്ചായത്തിന് നഷ്ടം വരുന്നതായി മുകളിൽ കൊടുത്ത പട്ടിക വ്യക്തമാക്കുന്നു. അപാകതകൾ പരിഹരിച്ച് യഥാർത്ഥ വസ്തുനികുതി കണക്കാക്കി പഞ്ചായത്തിന് നികുതിയിനത്തിൽ സംഭവിച്ച നഷ്ടം പരിഹരിക്കേണ്ടതാണ്. പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളുടേയും നികുതി നിർണ്ണയം ഇത്തരത്തിൽ പരിശോധനക്ക് വിധേയമാക്കി അപാകത പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല : 250/-രൂപ നഷ്ടം

വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കാത്തതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ജീവനക്കാരന്റെ പേര് | ആകെ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി/ രശീതി നമ്പർ | കുറവ് |
|---|---|---|---|---|
| പോൾ ബോബൻ<br>ഓഫീസ് അറ്റന്റന്റ്<br>സെന്റ് കോർണേലിയസ് ഹൈ സ്കൂൾ,കോളയാട് | 1,26,756 | 1250/- | 1,000/-<br>01443/01-09-15<br>ഒന്നാം അർദ്ധവർഷം | 250/- |

തൊഴിൽനികുതിയിനത്തിൽ കുറവ് വന്ന 250/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

## 2-4 വിറ്റുവരവിനനുസൃതമായി ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയില്ല: 700/- രൂപ നഷ്ടം

താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് ഫീ ഈടാക്കൽ )ചട്ടങ്ങളിലെ പട്ടിക iiൽ (വിറ്റുവരവിന്റെ അടിസ്ഥാനത്തിലുള്ള തുക )പറഞ്ഞ പ്രകാരമുള്ള തുക ഡി&ഒ ലൈസൻസ് ഫീസായി ഈടാക്കിയില്ല.

| അപേക്ഷകന്റെ പേര് | വാർഡ് നം/ കെട്ടിട നം | സ്ഥാപനം | വിറ്റുവരവ് | ഈടാക്കിയ തുക | രശീതി നം&തീ | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|---|
| കണിയാട്ടയിൽ മുഹമ്മദ് ഹാജി<br>മലബാർ കൺസ്ട്രക്ഷൻ മെറ്റീരിയൽസ് | VII/4 | കരിങ്കല്ല് ഖനനവും വില്പനയും | 50,000/- | 300/- | 11402104569<br>05-03-15 | 1000 | 700 |

കുറവ് വന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

## 2-6 ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

1996ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം10പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു

വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുൻപായി പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്.എന്നാൽ 2015-16ൽ , പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടില്ല.ഉദാഹരണങ്ങൾ ചുവടെ

| ക്രമനം | പേര്, സ്ഥാപനം | വാർഡ്,കെട്ടിടനം | അപേക്ഷ നൽകിയതീയ്യതി |
|---|---|---|---|
| 1 | ചാൾസ് ജോസഫ്<br>ചാരുവേലിൽ ഹൗസ്<br>പൂളക്കുറ്റി പി.ഒ | VII/65 | 10-03-16 |
| 2 | ലീന മാത്യു<br>ആയത്തുകുടിയിൽ ഹൗസ്<br>നെടുമ്പൊയിൽ പി. ഒ | VII/182 | 16-03-16 |
| 3 | കെ.മുഹമ്മദ് റാഫി<br>സീനത്ത് മൻസിൽ<br>കൈച്ചേരി, കണ്ണവം പി.ഒ | XI/520,521,522 | 18-03-16 |
| 4 | പി.ഹാരിസ് ബുസ്താൻ<br>കൈച്ചേരി, കണ്ണവം പി.ഒ | VI/392 | 18-03-16 |
| 5 | മോഹനൻ കെ<br>വണ്ടിച്ചാൽ ഹൗസ്<br>എടയാർ, കണ്ണവം പി.ഒ | XII/375 | 19-03-16 |
| 6 | ജയൻ കെ<br>പുഷ്പാനിവാസ്<br>തൊടീക്കളം | XI/175 | 22-03-16 |
| 7 | കാവളാൻ വിജയൻ<br>ജനനി നിവാസ്<br>ആലച്ചേരി പി.ഒ | II/67 | 19-03-16 |

| | | | |
|---|---|---|---|
| 8 | കെ.മനോഹരൻ<br>കുഞ്ഞിംവീട്<br>കോളയാട് പി.ഒ | X/187 | 29-03-16 |

ഇത് 1996ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം5,10എന്നിവയുടെ ലംഘനമാണ്. ഇപ്രകാരം ഡി&ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ 1994ലെ കേ.പ.രാ നിയമത്തിലെ 255വകുപ്പ് പ്രകാരമുള്ള നടപടി ( 1996ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം2കാണുക.)സ്വീകരിക്കേണ്ടതാണ്.

## 2-6 പരസ്യ നികുതി ഈടാക്കുന്നില്ല

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ ചുവരിൻമേലോ പരസ്യപ്പലകയിൻമേലോ എടുപ്പിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ എതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ,പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994-ലെ കേരളാ പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ -209 പ്രകാരം പരസ്യ നികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്.എന്നാൽ കോളയാട് ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം പരസ്യനികുതിയിനത്തിൽ വരവില്ല. 209ാം വകുപ്പ് പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന എതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് 256 ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലോകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ് എന്ന് സെക്ഷൻ 209 ഡി നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഈടാക്കുന്ന കാര്യത്തിൽ ഭരണസമിതിയും ജീവനക്കാരും പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-7 ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട 9,400 രൂപ ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല.

2015-2016 വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും നാളിതുവരെയായും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറം നിരക്ക്+ടാക്സ് |
|---|---|---|---|
| 1 | കൃഷി ഭവൻ നവീകരണം | 642000 | 1200+ 100 |

| | | | |
|---|---|---|---|
| 2 | അംഗൻവാടി കെട്ടിട നിർമ്മാണം(ഈരായിക്കൊല്ലി നിടുംമ്പുറം ചാൽ) | 1820000 | 2500+200 |
| 3 | ചെക്യേരി കോളനിക്ക് സമീപം കരിമ്പിൽ പുഴയ്ക്ക് കുറുകെ നടപ്പാലം നിർമ്മാണം | 650000 | 1300+100 |
| 4 | ചെമ്പൂക്കാവ് സമീപം മൂരിപ്പുഴയ്ക്ക് കുറുകെ നടപ്പാലം നിർമ്മാണം | 6,00,000 | 1200+100 |
| 5 | തൊറ്റമ്മൽ കൊളപ്പ റോഡ് ടാറിംഗ്(0/750 to 1/175) | 1499000 | 2500+200 |

ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫോറം വില ഇനത്തിലുള്ള തുക ലഭ്യമാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല :30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

പ്രോജക്റ്റ് നമ്പർ&പേര് :29/16 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 30,000/-റോഡിതര സംരക്ഷണ ഗ്രാന്റ്

ചെലവ് : 30,000/- ബിൽ നമ്പർ : 3/15-16/11-08-15

ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു ലഭ്യമാക്കുന്നതിനായി , മുകളിൽ കൊടുത്ത പ്രകാരം 30,000/- രൂപ പിൻവലിച്ച് (ഡി.ഡി നമ്പർ 643645 dtd 11-08-15 ) കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ് ഫാർമസിക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക സ്ഥാപനം കൈപ്പറ്റിയതിന്റെ രശീതിയില്ല. മേൽ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.മരുന്നുകൾ ഓഡിറ്റ് തീയ്യതി വരേയും സ്ഥാപനത്തിൽ ലഭ്യമായിട്ടില്ലെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കുകയുണ്ടായി.ആയതിനാൽ 30,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അവശ്യ മരുന്നുകൾ സമയത്തിന് ലഭ്യമാകാത്തത് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നതായി ബന്ധപ്പെട്ടവർ അറിയിക്കുകയുണ്ടായി.ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-2 വികലാംഗർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ : ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചുവെന്നുറപ്പു വരുത്തേണ്ടതാണ്.

പ്രോജക്ട് നമ്പർ&പേര് :161/16 വികലാംഗർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ( പി.എച്ച്.സി)

അടങ്കൽ :₹ 1,39,000/- വികസന ഫണ്ട്

ചെലവ് :₹ 1,39,000/- ബിൽ നമ്പർ : 5/15-16/23-01-16

പഞ്ചായത്തിലെ ശാരീരിക വെല്ലുവിളി നേരിടുന്ന രണ്ട് പേർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വാങ്ങി നൽകുന്നതിനു വേണ്ടിയാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത് . ഇത് പ്രകാരം കെൽട്രോണിൽ നിന്ന് 2 സ്കൂട്ടറാണ് വാങ്ങിയിട്ടുള്ളത്. ഗുണഭോക്താക്കൾ ഡ്രൈവിംഗ് ലൈസൻസുള്ളവരാണെന്ന് ഉറപ്പുവരുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് ലഭിച്ചുവെന്നുറപ്പു വരുത്തേണ്ടതാണ്

## 3-3 അർഹമായ സ്കോളർഷിപ്പ് തുകകൾ നൽകാത്തത്

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

| | |
|---|---|
| പ്രോജക്ട് നമ്പർ | 90/16 |
| പ്രോജക്ടിന്റെ പേര് | ശാരീരിക /മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| | |

| | |
|---|---|
| വകയിരുത്തിയ തുക | ₹2,50,000 (1,00,000 വിഹ, 75000ബ്ലോക്ക്,75000 ജി.പ. വിഹിതം) |
| ചെലവ് തുക | ₹ 2,50,000 |
| ബിൽ നമ്പർ/ തീയ്യതി | 3/21.3.16 ,1,00,000.വി.ഫ<br><br>ചെക്ക് നമ്പർ 8250 NMGB .75000/-<br><br>ചെക്ക് നമ്പർ 9513 NMGB .75000/- |
| ഭരണാനുമതി നമ്പർ | 32 /2015 |

2015-16 വർഷത്തെ കോളയാട് ഗ്രാമപഞ്ചായത്തിൽ ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെട്ടു.

സ.ഉ.(എം.എസ്.) 362/2013/ത.സ്വ.ഭ.വ. തി.16.11.2013 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം 16 ലെ ഖണ്ഡിക 5.8 (എ) പ്രകാരം ശാരീരിക /മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അനുവദനീയമായ നിരക്കുകൾ താഴെ പറയുന്നു.

| ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ | | | | മാനസിക വെല്ലുവിളികൾ നേരിടുന്നവർ(എല്ലാക്ലാസുകൾക്കും) | |
|---|---|---|---|---|---|
| ക്ലാസ് | പ്രതിമാസ സ്കോളർഷിപ്പ് | വാർഷിക ബത്ത | ഒരു വർഷത്തേക്ക് അർഹമായ ആകെ തുക | പ്രതിമാസ സ്കോളർഷിപ്പ് | 1000 |
| 1-4/നഴ്സറി | 400 | 500 | 5300 | വസ്ത്രങ്ങൾക്കുള്ള ബത്ത | 800 |
| 5-8 | 500 | 600 | 6600 | പഠനസഹായികൾക്ക് | 1400 |
| 9,10,+1,+2 | 600 | 800 | 8000 | യാത്രാബത്ത(പ്രതിമാസം) | 400 |
| ബിരുദം | 800 | 1000 | 10600 | പഠനപര്യടനം | 1000 |
| വൊക്കേഷണൽ പരിശീലനം | 1000 | 1500 | 13500 | ഒരു വർഷത്തേക്ക് ആകെ | 20,000 |

എന്നാൽ കോളയാട് ഗ്രാമപഞ്ചായത്തിൽ സ്കോളർഷിപ്പുകൾ നൽകിയത് താഴെ പറയുന്ന നിരക്കിലാണ്. വാർഷിക ബത്ത നൽകിയിട്ടില്ല.

| ക്ലാസ്സ് | സ്കോളർഷിപ്പ് തുക | ഒരു വർഷത്തേക്ക് | നൽകിയതിൽ കുറവ് |
|---|---|---|---|

| | | | |
|---|---|---|---|
| | | അർഹമായ ആകെ തുക | |
| 1-4/നഴ്സറി | 2750 | 5300 | 2550 |
| 5-8 | 3380 | 6600 | 3220 |
| 9,10,+1,+2 | 4450 | 8000 | 3550 |
| ബിരുദം | 6400 | 10600 | 4200 |
| വൊക്കേഷണൽ പരിശീലനം | 6400 | 13500 | 7100 |

ഇപ്രകാരം സ്കോളർഷിപ്പ് തുകകൾ അർഹമായതിലും കുറച്ച് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-4 കന്നുകാലികളെ വളർത്തൽ - പതിനൊന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ധനസഹായം കൈപ്പറ്റിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

പ്രോജക്റ്റ് -ക്ഷീരസമൃദ്ധി- പശുവളർത്തൽ

പ്രോജക്റ്റ് നം - S009/16

അടങ്കൽ – ₹2,10,000 (വികസന ഫണ്ട്)

 - ₹2,80,000 (ഗുണഭോക്തൃവിഹിതം)

ചെലവ് - ₹45,000 ബിൽ നം 4 തീയതി 15.2.16

 – ₹45,000 ബിൽ നം 5 തീയതി 21.3.2016

 – ₹30,000 ബിൽ നം 6 തീയതി 21.3.2016

 – ₹15,000 ബിൽ നം9 തീയതി 30.3.16

ആകെ – ₹1,35,000

ക്ഷീരസമൃദ്ധി- പശുവളർത്തൽ എന്ന പദ്ധതിയിൽ 9 ഗുണഭോക്താക്കൾക്ക് @15,000വീതം ₹1,35,000 നൽകിയിട്ടുണ്ട്.ബാങ്ക് ലോൺ മുഖാന്തിരം ഗുണഭോക്താവ് പശുവിനെ വാങ്ങുകയും സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്ന രീതിയിലാണ് തുക നൽകിയത്.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ ( സർക്കാർ ഉത്തരവ് നം ( എം എസ്) 362 /2013 ത സ്വ ഭ വ 16.11.2013 ) പരാമർശിച്ച താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടില്ല.

1-പശുവളർത്തൽ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ,പതിനൊന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആനുകൂല്യം നൽകിയിട്ടില്ല എന്ന് ഉറപ്പ് വരുത്തിയ രേഖകൾ (മേൽ ഉത്തരവ് കുറിപ്പ് 1 )

2-ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന കരാർ

പതിനൊന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആനുകൂല്യം നൽകിയത് സംബന്ധിച്ചുള്ള എൻക്വയറിക്ക് ,ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾക്ക്മുൻഗണനാ ക്രമത്തിലാണ് സബ്സിഡി നൽകിയതെന്നും ,ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന കരാർ ഹാജരാക്കുന്നതാണെന്നുമാണ് മറുപടി നൽകിയത് .

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആട് വളർത്തൽ (വനിതാ കുടുംബശ്രീ)- പദ്ധതിയിൽ 8 ഗുണഭോക്താക്കൾക്ക് @ 10,500 വീതം സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ ഈപദ്ധതിയിലും ഗുണഭോക്താക്കൾക്ക്, പതിനൊന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആനുകൂല്യം നൽകിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല .

പദ്ധതി നിർവ്വഹണം നടത്തുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 3-5 പ്ലാസ്റ്റിക്ക് മുക്ത ഗ്രാമം- വിവര വിജ്ഞാന ബോധവൽക്കരണ പ്രർത്തനങ്ങൾക്ക് തനത് ഫണ്ടുപയോഗിച്ചത് - ₹ 16,000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി ഇ ഒ

| | |
|---|---|
| പ്രോജക്റ്റ് | പ്ലാസ്റ്റിക്ക് മുക്ത ഗ്രാമം |
| പ്രോജക്റ്റ് നം | 33 /16 |
| അടങ്കൽ | 1,17,600 (വികസന ഫണ്ട്)<br><br>1,00,000 ( തനത് ഫണ്ട്)<br><br>47,600(നിർമ്മൽ പുരസ്കാർ) |
| ചെലവ് | 88,800(ബിൽ നം 1 dt 14.10.15 )വികസന ഫണ്ട് |
| | 14,400(ബിൽ നം 2 dt 25.1.2016)<br><br>വികസന ഫണ്ട് |
| | 14,400(ബിൽനം3dt18.3.2016)വികസന ഫണ്ട് |
| | 34,500(ചെക്ക്നം0793620dt18.1.2016<br><br>( തനത് ഫണ്ട്) |

| | |
|---|---|
| | 34,500(ചെക്ക്നം0793626dt15.3.2016<br><br>( തനത് ഫണ്ട്) |
| | 16,000(ചെക്ക്നം016246തിയ്യതി.29.3.2016<br><br>( തനത് ഫണ്ട്) |
| | 32,808(ചെക്ക്നം002598തിയ്യതി.18.3.2016<br><br>(നിർമ്മൽ പുരസ്കാർ) |
| | 11,000(ചെക്ക്നം9582dt 29.3.2016<br><br>(നിർമ്മൽ പുരസ്കാർ) |
| | 2,960(ചെക്ക്നം dt 2599 dt26.3.2016)<br><br>(നിർമ്മൽ പുരസ്കാർ) |

പ്ലാസ്റ്റിക്ക് മുക്ത ഗ്രാമം- പ്ലാസ്റ്റിക്ക് മുക്ത ഗ്രാമംപദ്ധതിയിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ ശേഖരിച്ച് സംഭരണകേന്ദ്രത്തിൽ എത്തിക്കുന്നതിന് കുടുംബശ്രീ പ്രവർത്തകർക്ക് ഹോണറേറിയം ,വണ്ടി വാടക, വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിവ നടത്തിയതിന് ₹ 2,49,368 ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ പറയുന്നു

1-വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ബോധവൽക്കരണക്യാമ്പിന് വേണ്ടി ബാനർ, ബ്രോഷർ, ബോധവൽക്കരണ ക്ലാസ്സ് ചായ, സ്നാക്സ് എന്നിവയുടെ ചെലവുകൾക്കായി 62,768(46,768 (നിർമ്മൽ പുരസ്കാർ ഫണ്ട്+ 16,000 (തനത് ഫണ്ട്) )ചെലവഴിച്ചിട്ടുണ്ട് ഇതിൽ ചെക്ക്നം016246dt129.3.2016) മുഖേന ₹ 16,000 പിൻവലിച്ച് ബ്രോഷർ,പോസ്റ്റർ തയ്യാറാക്കുവാനായി " ഓഫ് സെറ്റ് പ്രിന്റേർസ് ,കേളകത്തിന് 15,000 രൂപയും , 1,000 രൂപ ദിൽ അഡ്വർടൈസിംഗ് ഏജൻസിക്കും നൽകിയിട്ടുണ്ട്.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ( സർക്കാർ ഉത്തരവ് നം ( എം എസ്) 362 /2013 ത സ്വ ഭ വ 16.11.2013 ) ഖ – 12 ഇ -(5) ൽ മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ വാർഡ് തല ആരോഗ്യ ശുചിത്വപോഷണസമിതിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി സമിതിക്ക് ലഭിക്കുന്ന വിവിധ ഫണ്ടുകൾ വിനിയോഗിച്ച് നടപ്പിലാക്കാവുന്നതാണെന്നും,സമ്പൂർണ്ണ ശുചിത്വകാമ്പയിൻ സഹായവും തേടാവുന്നതാണെന്നും ,സർക്കാർ ഉത്തരവ് 840/തസ്വഭവ (ഡി സി ) 2013 /തസ്വഭവ തീയതി 13.5.2013 പ്രകാരം നിർമ്മൽ പുരസ്കാർ തുകയിൽ നിന്ന് പരമാവധി ₹ 50,000 ഗ്രാമപഞ്ചായത്തുകൾക്ക് വിനിയോഗിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്, എന്നാൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ അനുവാദമില്ല. അതിനാൽ 16,000 രൂപ തടസ്സപ്പെടുത്തുന്നു

2- വിവര വിജ്ഞാന പ്രവർത്തനങ്ങളിലെ വിവിധ ഇനങ്ങളിലെ ചെലവുകൾക്കായി ₹1,000 രൂപയിൽ കൂടുതൽ വരുന്ന ചെലവുകൾ ഉണ്ടായിട്ടുണ്ട്.നോൺ ബാങ്കിംഗ് ട്രഷറിയിൽ ₹1,000 രൂപയിൽ കൂടുതൽ വരുന്ന തുകകൾ ഡിമാൻഡ് ഡ്രാഫ്റ്റ് വഴി വിതരണം ചെയ്യേണ്ടതാണെന്ന് (ബിൽ സമ്പ്രദായം -ജി .ഒ

(പി)177/2006 ധനം 12.4.2006 ഖ-8 ഫണ്ട് വിതരണ രീതി ) നിർദ്ദേശിച്ചുണ്ട് .എന്നാൽ എല്ലാ ചെലവുകളും കാഷ് ആയിട്ടാണ് നൽകിയത്.ക്രമനമ്പർ 1 ൽ പരാമർശിച്ച തനത് ഫണ്ടിൽ നിന്നും നൽകിയ 16,000 രൂപ ബാങ്കിൽ നിക്ഷേപിക്കാതെ നേരിട്ട് കാഷ് നൽകുകയാണ് ചെയ്തത് .

അറിവില്ലായ്മ കൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് ഓഡിറ്റ് എൽക്വറിക്ക് (നം9/09-01-2017)മറുപടി നൽകിയത്. സർക്കാർ ഉത്തരുവുകൾ പാലിച്ച് പദ്ധതി നിരവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 3-6 ആശ്രയ പദ്ധതി - ഭവന നിർമ്മാണം- ഒരു ഗുണഭോക്താവിന് മാത്രം നൽകിയത്

നിർവ്വഹണ ഉദ്യോഗസ്ഥൻ -വി ഇ ഒ

| | |
|---|---|
| പ്രോജക്റ്റ് | ആശ്രയ പദ്ധതി - ഭവന നിർമ്മാണം |
| പ്രോജക്റ്റ് നം | 98 /16 |
| അടങ്കൽ | 2,50,000 ( വികസനഫണ്ട്-ജനറൽ)<br><br>4,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br><br>2,54,000 (തനത് ഫണ്ട്) |
| ചെലവ് | 40,000<br>(ബിൽ നം 3 dt 15.9.2015)<br><br>60,000(ബിൽ നം 13dt19.3.2016 ) |

2015-16 വർഷം ആശ്രയ പദ്ധതിയിൽ രണ്ട് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം നടത്തുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ഒരു ഗുണഭോക്താവിന് മാത്രമെ സബ്സിഡി തുക (രണ്ട് ഗഡുക്കൾ) നൽകിയിട്ടുള്ളൂ. ഇതിന്റെ കാരണം അന്വേഷിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി ,രണ്ട് ഗുണഭോക്താക്കൾക്ക് വേണ്ടി കരാറിൽ ഏർപ്പെട്ടുവാൻ സി ഡി എസ്സിനെ അറിയിച്ചെങ്കിലും രണ്ടാമത്തെ ഗുണഭോക്താവായ അന്നക്കുട്ടി,കിനാപുറം എന്നവരുടെ മക്കൾ ശാരീരിക മാനസീക വൈകല്യമുള്ളവരും ,പരസഹായമില്ലാത്തതിനാൽ മാറ്റി പാർപ്പിക്കുന്നതിന് വേറെ വീട് കണ്ടെത്താൻ സാധിക്കാത്തതിനാൽ സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടുവാൻ സാധിക്കാത്തതെന്നും ,നടപ്പ് വർഷത്തിൽ രണ്ട് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് പ്രോജക്റ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്ന് ബോധിപ്പിച്ചിട്ടുണ്ട്. സി ഡി എസ്സിന്റെയും ഭരണ സമിതിയുടേയും ജനങ്ങളുടേയും കാര്യക്ഷമമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ് .

## 3-7 കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല.₹ 2,56,820/- തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 185/16 | 157/16 |

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് LCD പ്രൊജക്ടർ,കമ്പ്യൂട്ടർ എന്നിവ വാങ്ങൽ | ഗ്രാമപഞ്ചായത്ത് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ |
| വകയിരുത്തിയ തുക | 2,10,010/- | ₹80,000/- |
| ചെലവ് തുക | 2,06,840/-വി.ഫ.ജ | ₹76,855/- വി.ഫ.ജ |
| ബിൽ നമ്പർ/ തീയ്യതി | 46/28.03.2016.<br>₹66,420/- plan<br>47/28.03.2016<br>₹47,050/- “<br>37/21.03.2016<br>₹46,320/- “<br>38/21.03.2016<br>₹47,050/- “ | 39/21.03.2016;<br>49,980/- വി.ഫ.ജ<br>(₹26,875/- രൂപക്ക് ഫർണ്ണിച്ചർ വാങ്ങി.) |
| ചെക്ക് നമ്പർ | 805388/30.03.2016; ₹1,13,470/-KGB<br>805319/23.03.2016:<br>₹ 47,050/- “<br>805318/23.03.2016;<br>₹ 46,320/- “ | 805317/ തീ.23.03.2016<br>₹49980/- |

| | | |
|---|---|---|
| കൈപ്പറ്റ് രശീതി നമ്പർ/ തുക | 096/26.04.2016. ₹1,13,470/- <br> 156/05.05.2016. <br> ₹ 46,320/- <br> 155/05.05.2016, <br> ₹ 47,050/- <br> KELTRON CLT | 157/05.05.2016, <br> ₹49,980/- |
| ഭരണാനുമതി നമ്പർ | 23/16(1)തീ.04.02.2016 | 23/16(1)തീ.04.02.2016 |

2015-16 വർഷത്തെ കോളയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രൊജക്ടുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെട്ടു.

ജി.ഒ.(പി)1/2006/എസ്.പി.ഡി.02.02.2006 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങളും തദ്ദേശ ഭരണസ്ഥാപനങ്ങളും ടെണ്ടർ നടപടി കൂടാതെ കമ്പ്യൂട്ടറുകളും അനുബന്ധ സ്ഥാപനങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ/ അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ പകുതി വില വരുന്നത് മാത്രമേ നൽകാൻ പാടുള്ളൂ. ഓർഡർ തുകയുടെ 50 ശതമാനത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാന്റുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ മേൽ പദ്ധതി പ്രകാരം എയ്സർ കമ്പനി നിർമ്മിച്ച കമ്പ്യൂട്ടർ, SYNTEL NEOS കമ്പനിയുടെ ഇ.പി.ബി എക്സ്. Epson കമ്പനിയുടെ LCD പ്രൊജക്ടർ canon കമ്പനിയുടെ പ്രിന്റർ, എന്നിവ ടെണ്ടർ നടപടികൾ കൂടാതെയാണ് കോഴിക്കോട് കെൽട്രോണിൽ നിന്ന് വാങ്ങിയിരിക്കുന്നത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/13-01-2017)സപ്ലൈ ചെയ്ത സാധനങ്ങൾ മറ്റു ബ്രാൻഡുകളുടേതാണെന്നും, കെൽട്രോൺ നിർമ്മിക്കാത്തതാണെന്ന വിവരം അറിയിച്ചിട്ടില്ല എന്നും, കെൽട്രോൺ സപ്ലൈ ചെയ്ത കമ്പ്യൂട്ടറിന് 5വർഷം വാറണ്ടിയും ഉള്ളതിനാലാണ് ടെണ്ടർ നടപടി കൂടാതെ നേരിട്ട് വാങ്ങിച്ചതെന്നും ആണ് മറുപടി നൽകിയത്. ആയത് തൃപ്തികരമല്ല. അതിനാൽ തുക.₹2,56,820 തടസ്സപ്പെടുത്തുന്നു.മേൽ സൂചിത സർക്കാർ ഉത്തരവ് ലംഘിച്ചതിന് കൂടുതൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 3-8 ഡോക്യുമെന്ററി പുറത്തിറക്കിയില്ല- മീഡിയാശ്രീ പ്രൊജക്ടിന് പഞ്ചായത്ത് വിഹിതമായി നൽകിയ ₹65,000/- തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രോജക്ട് നമ്പർ | 74/16 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മീഡിയാശ്രീ പ്രൊജക്ടിന് പഞ്ചായത്ത് വിഹിതം നൽകൽ |
| വകയിരുത്തിയ തുക | ₹65,000/- |
| ചെലവ് തുക | ₹65,000/-വികസന ഫണ്ട്. ജനറൽ |
| ബിൽ നമ്പർ/ തീയ്യതി | 5 /15-16 തീയ്യതി 27-07 -2015 |
| ഭരണാനുമതി നമ്പർ | 32/2015.തീ.28-02-2015 |
| ഡി.ഡി. നമ്പർ | 643627/30.07.2015 |

സ.ഉ(സാധാ)3206/14.ത.സ്വ.ഭ.വ.തീ.05.12.14 പ്രകാരം കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ " മീഡിയാശ്രീ" പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി ₹65000 വീതം ഓരോ ഗ്രാമ പഞ്ചായത്തിന്റെയും 2014-15 ലെ വാർഷിക പദ്ധതിയുടെ തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്.

മേൽ ഉത്തരവ് പ്രകാരം ₹65,000/- കണ്ണൂർ ജില്ലാ കുടുംബശ്രീ മിഷൻ കോർഡിനേറ്റർക്ക് നൽകുകയും 2015 ആഗസ്റ്റ് മാസം 11 തീയതിക്ക് ഇത് സംബന്ധിച്ച് കരാർ ഒപ്പു വെക്കുകയും 17.08.2015 ന് കൈപ്പറ്റ് രശീതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കരാറിലെ ഖണ്ഡിക 2 പ്രകാരം തിരക്കഥ അംഗീകരിച്ച പഞ്ചായത്തിന്റെ കത്തും തുകയും നൽകി 60 ദിവസത്തിനകം പഞ്ചായത്തിനെക്കുറിച്ചുള്ള ഡോക്യുമെന്ററിയുടെ 10 പകർപ്പ് പഞ്ചായത്തിന് കൈമാറാൻ ജില്ലാ മിഷൻ കോർഡിനേറ്റർ ഉത്തരവാദിയായിരിക്കും.

ഖണ്ഡിക 7 പ്രകാരം വീഡിയോ ഡോക്യുമെന്റേഷൻ പ്രക്രിയ പൂർത്തീകരിച്ചശേഷം 20 ദിവസത്തിനകം ഇതുമായി ബന്ധപ്പെട്ട പദ്ധതി വിഹിതവും ബാധകമായ നികുതികളും ഉൾപ്പെട്ട തുക കുടുംബശ്രീ മിഷൻ കോർഡിനേറ്റർക്ക് നൽകേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ മേൽ വ്യവസ്ഥകൾ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. പണം നൽകി 17 മാസം പിന്നിട്ടിട്ടും ഡോക്യുമെന്ററിയുടെ പകർപ്പ് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 65,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 നടപ്പാക്കാത്ത പ്രോജക്റ്റുകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 13 പ്രോജക്റ്റുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും ആകെ 3 പ്രോജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കിയത്. പശ്ചിമ ഘട്ടവികസന പദ്ധതിയിൽ പട്ടികവർഗ്ഗവിഭാഗക്കാർക്ക് ഭവനം, സാനിറ്ററി യൂണിറ്റ്, കമ്പ്യൂട്ടർ പരിശീലനം, ഓട്ടോറിക്ഷാ പരിശീലനം, ടെയിലറിംഗ് യൂണിറ്റ്, കാർപ്പന്ററി യൂണിറ്റ് എന്നിവയ്ക്ക്പ്രോജക്റ്റ് തയ്യാറാക്കിയെങ്കിലും ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടക്കാൻ തയ്യാറാകാത്തതിനാൽ നടപ്പിലാക്കിയിട്ടില്ല

സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം(എസ് സി വനിത), യുവജനങ്ങൾക്ക് ഓട്ടോറിക്ഷാ, പിക്കപ്പ് വാൻ വാങ്ങാൻ ധനസഹായം (എസ്.സി & എസ്.ടി) എന്നീ പദ്ധതികളും,ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടക്കാൻ തയ്യാറാകാത്തതിനാൽ നടപ്പിലാക്കിയിട്ടില്ല

പട്ടികജാതി കോളനിയിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതിതയ്യാറാക്കിയെങ്കിലും ,ജില്ലാപഞ്ചായത്ത് സോളാർ പാനൽ സ്ഥാപിച്ചതിനാൽ ഈപദ്ധതി ഒഴിവാക്കാൻ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്.

ഗുണഭോക്താക്കളുടെ ആവശ്യകത കണ്ടെത്തി, ഗ്രാമസഭ ചർച്ചയിലൂടെ പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 3-10 ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാലതാമസം

കോളയാട് ഗ്രാമ പഞ്ചായത്തിന്റെ 2014-15വർഷത്തെ രണ്ടാം പാദം ,2015-16 വർഷത്തെ ഒന്നാം പാദം എന്നീ അർദ്ധവർഷങ്ങളിലെ ലൈബ്രറി സെസിന്റെ ആകെ തുകയായ ₹ 75,985/- 17.09.2015 നാണ് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ഒടുക്കിയിട്ടുള്ളത്. (വൗച്ചർ നമ്പർ 21500516/17.09.2015 ചെക്ക് നമ്പർ21192/17.09.2015). ആയതിന് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ 25.09.2015 ലെ 08882 നമ്പർ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ സർക്കുലർ നമ്പർ 10088/എൽ 3/05/ത.സ്വ.ഭ.വ. 20./09/2015.പ്രകാരം ലൈബ്രറി സെസ് വർഷത്തിൽ രണ്ടു ഗഡുക്കളായി ഒടുക്കേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തേത് നവമ്പർ30 നകവും. എന്നാൽ ഈ നിബന്ധന ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. ലൈബ്രറി സെസ് യഥാസമയം തന്നെ ഒടുക്കേണ്ടതാണ്.

## 3-11 -ബാലൻസ് ഷീറ്റ് - B4 -ഷെഡ്യൂളിൽ നീക്കിയിരിപ്പുള്ള ₹ 78.92 ലക്ഷം തുകയുടെ വിശദവിവരം

| ഇനം | തുക | അക്കൗണ്ടന്റ് നം | ഏത് വർഷം മുതലുള്ള നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പിന്നോക്ക വിഭാഗം | 62,929 | 40434100007894 | 2012-13 മുതലുള്ളത് | |
| നിർമ്മൽ പുരസ്കാരം (പലിശ ഉൾപ്പെടെ) | 3,92,784 | 40434100007894 | 2012-13 മുതലുള്ളത് | |
| കോർപ്പസ് ഫണ്ട് | 23,67,739 | 40434100007894 | 2014-15 | |
| പശ്ചിമ ഘട്ട വികസന പദ്ധതി | 27,13,354 | 40434100008550 | 2012-13 മുതലുള്ളത് | 2,96,957 -2016-17 ൽ തിരിച്ചടച്ചിട്ടുണ്ട് |
| അംഗൻവാടി പോഷകാഹാരം | 2,75,191 | 40434100006231 | 2015-16 | |
| സ്റ്റേഡിയം നിർമ്മാണം - കേന്ദ്ര വിഹിതം | 2,80,000 | 40434100006231 | 2013-14 ൽ ലഭിച്ചത് | |
| ബഡ്സ് സ്കൂൾ ഗ്രാന്റ് | 2,38,761 | 40434100006231 | 2013-14 മുതലുള്ളത് | |
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 1,21,111 | 40434100006231 | 2010-11 ലെ T H R S വീഹിതം | |
| ജില്ലാപഞ്ചായത്ത് | 1,25,000 | 40434100006231 | 2008-09 ലെ ഭവന നിർമ്മാണം (പട്ടിക വർഗ്ഗം) | |
| ജലനിധി സർക്കാർ വിഹിതം | 10,27,358 | 40434100009356 | 2015-16 | |
| നബാർഡ് | 2,87,667 | സ്പെഷൽ ടി എസ് ബി അക്കൗണ്ട് 6 -നബാർഡ് | 2013-14 മുതലുള്ളത് | |
| സാക്ഷരത | 501 | 40434100005140 | 2015-16 | |
| ആധാർ എടുത്ത ബി പി എൽ | 100 | സഹകരണ ബാങ്ക് A/C No - | 2015-16 | |

| | | | | |
|---|---|---|---|---|
| കുടുംബങ്ങൾക്ക് ഇൻസെന്റീവ് | | 216 | | |

വിനിയോഗിക്കാൻ ബാക്കിയുള്ള തുക വിനിയോഗിക്കാത്ത പക്ഷം അതാത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-12 വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുനായി തയ്യാറാക്കിയ പ്രോജക്ട് പാടശേഖര സമിതികൾക്കായി മാറ്റിയത് - ₹34650/- തടസ്സപ്പെടുത്തുന്നു.

(a) നിർവ്വഹണോദ്യോഗസ്ഥൻ -കൃഷിഓഫീസർ,കോളയാട് ഗ്രാമപഞ്ചായത്ത്

| | |
|---|---|
| പ്രോജക്ട് നമ്പർ | 12/15-16 |
| പ്രോജക്ടിന്റെ പേര് | നെൽ കൃഷി വികസനം |
| വകയിരുത്തിയ തുക | ₹82650 /-,(₹34650.വികസന ഫണ്ട്.+48000/- ഗുണഭോക്തൃവിഹിതം |
| ചെലവ് തുക | ₹34650/- വികസന ഫണ്ട്. (ഗുണഭോക്തൃവിഹിതംനേരിട്ട് ചെലവഴിക്കുന്നു) |
| ബിൽ നമ്പർ/ തീയ്യതി | 04 /15-16 തീയ്യതി 29-02-2016, ₹34,650/- |
| ഭരണാനുമതി നമ്പർ | 23/16(1)തീ.04.02.2016 |

2015-16 വർഷത്തെ കോളയാട് ഗ്രാമപഞ്ചായത്ത് കൃഷിഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെട്ടു.

മേൽ പ്രൊജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ 35 **വ്യക്തികളുടെ** പേരാണുള്ളത്. അംഗീകൃത പ്രൊജക്ടിൽ 85 വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകാനായിരുന്നു വിവക്ഷിച്ചിരുന്നത്. എന്നാൽ കൂലിചെലവ് ഇനത്തിൽ 25,200/- രൂപ, (സെക്രട്ടറി, എടക്കോട്ട മേനച്ചോടി,ആലച്ചേരി പി.ഒ. - ₹3600/- : സെക്രട്ടറി,ഇല്ലം ഭാഗം ആലച്ചേരി,പി.ഒ.- 7200/- : സെക്രട്ടറി ആലച്ചേരി പാടശ്ശേഖര സമിതി ,ആലച്ചേരി.പി.ഒ. - 14,400/- എന്നിങ്ങനെ **മൂന്ന് പാടശ്ശേഖര സമിതികൾക്കാണ്** വിതരണം ചെയ്തിരിക്കുന്നത്). ഇതിനു പുറമേ വിത്തു വിലയിനത്തിൽ ആകെ 9,450/- രൂപ (7,200+2,250) മുഴക്കുന്ന് കൃഷി ഓഫീസർക്കും എസ് എസ് എഫ് വേങ്ങാട് കൃഷി ഓഫീസർക്കും നൽകിയിട്ടുണ്ട്. എന്നാൽ ഓരോ ഗ്രൂപ്പിലുമുള്ള ഗുണഭോക്താക്കളുടെ പേര് വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് തന്നെയാണ് സബ്സിഡി നൽകിയിരിക്കുന്നത് എന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.02.03.2016 ന് കേരള ഗ്രാമീൺ ബാങ്കിന്റെ കോളയാട് ശാഖയിൽ കൃഷി ഓഫീസറുടെ പേരിലുള്ള 40434100006745 നമ്പർ അക്കൗണ്ടിൽ നിന്ന് ക്യാഷ് ആയി പിൻവലിച്ചാണ് മേൽ തുക വിതരണം ചെയ്തിരിക്കുന്നത്.

സ.ഉ. (പി) 177/2006.ധനം. 12.04.2006 ഖണ്ഡിക 8 .2പ്രകാരം 1000 രൂപയിൽ കൂടുതലുള്ള പണം നൽകലുകൾ **ചെക്ക് മുഖേന മാത്രമേ** നടത്താവൂ. എന്നാൽ ഈ നിബന്ധന ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

3-12(b) മറ്റ് അപാകതകൾ

31.03.2015-ന് ശേഷമുള്ള ഇടപാടുകളിലെ അവ്യക്തത

31.03.2015-ന് നീക്കിയിരിപ്പ് – 58,224/-
29.04.2015-ന് വരവ് - 17,978/-
01.08.2015-ന് വരവ് - 1,965/-
ആകെ - 78,167/-
12.05.2015-ന് പിൻവലിച്ചത് - 44,880/- (VFPCK-ക്ക് നൽകിയത്)
,, - 11,280/- (VFPCK-ക്ക് നൽകിയത്)
22.05.2015-ന് പിൻവലിച്ചത് - 11,100/-
ബാക്കി - 10,907/-

ഇതിൽ 17,978/-, 1,965/-, 11,100/- എന്നീ തുകകൾ ഏതിനത്തിൽ പെട്ടതാണെന്ന് വ്യക്തമല്ല.ഇതിൽ നിന്നും 2015-16 ലെ വരവ് ചെലവ്,നീക്കിയിരിപ്പ് തുകകളുടെ നിജസ്ഥിതി വ്യക്തമായിട്ടില്ലെന്ന് കാണാവുന്നതാണ്.

മേൽ സൂചിത സ.ഉ ഖണ്ഡിക 8.3ൽ ഡി.ഡി. വാങ്ങാനുള്ള തുകയല്ലാതെ മറ്റു തുക ഈ അക്കൗണ്ടിൽ നിക്ഷേപിക്കരുതെന്നും ഓരോ മാസവും അവസാനം വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ക്യാഷ് /ഡി.ഡി. തുകകൾ ട്രഷറി ചലാൻ മുഖേന തിരിച്ചടക്കണമെന്നും നിഷ് കർഷിച്ചിട്ടുണ്ട്. . 01.08.2015 ൽ അക്കൗണ്ടിൽ നീക്കിയിരിപ്പ് തുകയായി ₹10907/- ഉണ്ട്. സാമ്പത്തിക വർഷം അവസാനിച്ച് 4 മാസം കഴിഞ്ഞിട്ടും ബാക്കി തുക ട്രഷറിയിൽ ഒടുക്കാത്തത് മേൽ ഉത്തരവിന്റെ ലംഘനമാണ്.

31.03.2016 ലെ നീക്കിയിരിപ്പ് തുക 5,86,317/- രൂപയാണ്. ഇതിൽ നിന്നും പല ഗഡുക്കളായി തുക പിൻവലിച്ചതിന് ശേഷം നീക്കിയിരിപ്പ് തുക 13,421/- രൂപ ഉണ്ട്. 02.05.2016-ന് നിക്ഷേപിച്ച 2,250/- രൂപയും 06.08.2016 ന് നിക്ഷേപിച്ച 1,800/- രൂപയും 01.08.2016-ലെ 136/- രൂപയും 01.11.2016-ലെ 147/- രൂപയും ഏതിനത്തിൽ വരവ് വന്നതാണെന്ന് വ്യക്തമല്ല. ഇതിൽ നിന്നും പിൻവലിക്കപ്പെട്ട 4,050/- (2250+1800) രൂപയുടെ ചെലവ് വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 01.11.2016-ലെ നീക്കിയിരിപ്പ് തുക 13,704/- രൂപയാണ്.
കൂടാതെ ട്രഷറിയിൽ നിന്ന് ബിൽ പ്രകാരം തുക പിൻവലിച്ച ശേഷം ക്യാഷ് ബുക്കിൽ വരവ് പിടിക്കുകയും ചെലവ് ഭാഗത്ത് ബാങ്കിലൊടുക്കി എന്ന് രേഖപ്പെടുത്തുകയുമാണ് ചെയ്യുന്നത്. അവയുടെ ചെലവ് വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. 05.11.2016-ന് 1,500/- രൂപ ഗുണഭോക്തൃ വിഹിതമായിവരവ് വന്നതായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. ഈ തുക നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്.

സ.ഉ.(പി)177/2006/ധന/12.04.2006 നമ്പർ ഉത്തരവിലെ ഖണ്ഡിക 26.6-ൽ നിഷ്കർഷിച്ച പ്രകാരം B V മാതൃകയിലുള്ള പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതും ചെലവഴിക്കാത്ത തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കുകയും ചെയ്യേണ്ടതാണ്.

## 3-13 ആശ്രയപദ്ധതി - അവലോകനം

സർക്കാർ ഉത്തരവ് ( എം എസ് ) 151/ 2009 ത സ്വഭ വ തീയതി 1.8.2009 പ്രകാരം നടത്തിയ റീവിസിറ്റ് പ്രോജക്റ്റിന് പഞ്ചായത്ത് ഭരണസമിതിയുടെ 52/2010 നമ്പർ തീയതി 26.3.2010 മുഖേന അംഗീകാരം ലഭിച്ചിട്ടുണ്ട്

ആശ്രയ ഗുണഭോക്തൃ പട്ടിക പ്രകാരം 69 കുടുംബങ്ങളിൽ നിന്നായി 154 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഭവന നിർമ്മാണം പദ്ധതിയിൽ 47 പേർ ഭവന നിർമ്മാണം പദ്ധതിക്ക് ആവശ്യപെട്ടിട്ടുണ്ടെങ്കിലും 22 പേർക്ക് ആശ്രയ ഭവന നിർമ്മാണം പദ്ധതിയിൽ ,സി ഡി എസ് മുഖാന്തിരം വീട് വച്ചുകൊടുത്തിട്ടുണ്ട്. ബാക്കിയുള്ളവരെ ഇന്ദിര ആവാസ് യോജന പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ ഗുണഭോക്താക്കൾ ആരെല്ലാം? വീട് നിർമ്മാണം പൂർത്തീയായോ എന്നിവയുടെ വിവരം സി ഡി എസ് ഉറപ്പുവരുത്തിയിട്ടില്ല . പദ്ധതികളുടെവിവരം താഴെ കൊടുക്കുന്നു

| ഇനം | ആവശ്യപെട്ടു കൊണ്ടുള്ളവരുടെ എണ്ണം | ആനുകുല്യം കൈപ്പറ്റിയവരുടെ എണ്ണം | ബാക്കി നൽകുവാനുള്ള വരുടെ എണ്ണം |
|---|---|---|---|
| ഭവന നിർമ്മാണം | 47 | 22 | 25 |
| ഭവന റിപ്പയർ | 10 | 3 | 7 |
| വീട് വയ്ക്കാൻ സ്ഥലം | 11 | ഇല്ല | 11 |
| കക്കൂസ് | 1 | 1 | 0 |
| കുടിവെള്ളം | 50 | 50 | 0 |

എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി ലഭിച്ചിട്ടുണ്ട്.

ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന കുടുംബങ്ങൾ ഉണ്ടെങ്കിലും ഇവർക്ക് തൊഴിൽ വൈദഗ് ദ്ധപരിശീലനം നൽകുന്ന പ്രവർത്തനങ്ങളൊന്നും കേന്ദ്രാവിഷ്കൃ പദ്ധതിമുഖേനയോ, പൊതുവിഭാഗം വികസന ഫണ്ടുപയോഗിച്ചോ നടപ്പിലാക്കിയിട്ടില്ല.

ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾ ആശ്രയപദ്ധതിക്ക് ധന സഹായം നൽകിയിട്ടില്ല

| ഫണ്ട് | ലഭിച്ച തുക | | ചെലവ് | ബാലൻസ് തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് | 7,10,000 | 2008-09 | 7,10,000 | ഇല്ല |
| | 5,90,000 | 2009-10 | 5,90,000 | |
| | 2,00,000 | 2010-11 | 1,20,000-2010-11<br><br>35,000- 2011<br><br>45,000- 2012 | |
| | 1,00,000 | 2015-16 | 1,00,000 | |
| ചാലഞ്ച് ഫണ്ട് | 15,00,000 | (2008-09 | 5,50,906<br><br>(31.3.2016വരെയുള്ളചെലവ്) | 9,49,094 |

## 3-14 EMS ഭവനപദ്ധതി പൂർത്തീകരിച്ചില്ല

2009-10,2010-11 വർഷങ്ങളിൽ എഗ്രിമെന്റ് വച്ച് ഭവനനിർമ്മാണമാരംഭിച്ച താഴെപറയുന്ന ഗുണഭോക്താക്കൾ 2015-16 വരേയും വീട്ടുപണി പൂർത്തിയാക്കിയതായി കാണുന്നില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

ഇ.എം.എസ് ഭവനപദ്ധതി(ജനറൽ)

| ക്രമ നം | പേര് | എഗ്രിമെന്റ് തീയ്യതി | അവസാന ഗഡു കൈപ്പറ്റിയ തീയതി | നൽകിയതുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | ജോസഫീന,കവുങ്ങവള്ളി | 22/2/10 | 28/03/10 | 11250 | 63750 |
| 2 | മാത്യു,കുന്നങ്കോട്,പള്ളിപ്പാലം | 23/02/10 | 20/04/10 | 11250 | 63750 |
| 3 | അച്യുതൻ ഒ കെ,<br><br>s/oകുഞ്ഞിരാമൻ | 24/02/10 | 23/02/11 | 67500 | 7500 |
| 4 | മമ്മത്താൻ മോഹനൻ,<br><br>തെക്കേ തോട്ടത്തിൽ,<br><br>എടയാർ | 16/02/11 | 11/07/12 | 33750 | 41250 |
| 5 | പി കെ വേലായുധൻ,കൊക്കോടൻ | 18/03/10 | 27/07/10 | 33750 | 41250 |

| | | | | | |
|---|---|---|---|---|---|
| | വീട് | | | | |
| 6 | കപ്പീക്കണ്ടി മരിയം,<br>w/oമൊയ്തു<br>കടക്കോട് | 27/02/10 | 14/09/10 | 33750 | 41250 |
| 7 | തുരുത്തിപ്പള്ളി ജസ്സി,<br>w/oജോസഫ്<br>കല്ലുമുതിരക്കുന്ന് | 16/03/10 | 06/07/10 | 11250 | 63750 |
| 8 | ആലീസ് മേച്ചേരി<br>എടയാർ | 13/09/10 | 30/10/14 | 85000 | 15000 |

ഇ.എം.എസ് ഭവനപദ്ധതി (പട്ടികവർഗ്ഗം)

| ക്രമ നം | പേര് | അവസാന ഗഡു കൈപ്പറ്റിയ തീയതി | നൽകിയതുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | തേയി മണാളി,അത്തിക്കാവ്,മണ്ഡപം,വായന്നൂർ | 28-03-13 | 1,06,250 | 18,750 |
| 2 | ചെറിയ കുഞ്ഞാമൻ,പറക്കാടൻ,ചെക്യേരി,നിടുമ്പൊയിൽ | 16-09-11 | 1,06,250 | 18,750 |
| 3 | എടാൻ ജാനു,ചെക്യേരി,നിടുമ്പൊയിൽ | 16-09-11 | 1,06,250 | 18,750 |
| 4 | പേലേരി ചെറിയകുങ്കൻ,പറക്കാട് | 29-03-12 | 1,06,250 | 18,750 |
| 5 | പുഷ്പരാജ് കെ.പി,s/o പീരാടൻ ചന്തു,പെരുവ | 13-03-12 | 1,06,250 | 18,750 |
| 6 | പിരാടൻ ചന്ദ്രൻ,s/oകേളപ്പൻ,പെരുവ | 09-11-12 | 1,06,250 | 18,750 |
| 7 | തെനിയാടിച്ചി തേയി,ചെക്യേരി,ഐരാണിക്കുണ്ട് | 29-07-13 | 56,250 | 68,750 |
| 8 | ചന്ദ്രൻ പി.എ,s/oഏറു,പറക്കാട് | 29-03-11 | 1,06,250 | 18,750 |
| 9 | മഞ്ജുള ചെമ്പൻ,ചാലിൽ കോളനി,എടയാർ | 09-11-10 | 56,250 | 68,750 |
| 10 | പാൽമി ദിവാകരൻ,s/o സി.കുങ്കൻ,ചെക്യേരി | 13-03-12 | 56,250 | 68,750 |
| 11 | കൊടന്നോടൻകുമ്പ,w/oചന്തു,പെരുവ | 23-02-12 | 1,06,250 | 18,750 |
| 12 | എനിയാടൻ മുരളി, s/oഏറു,പെരുവ,ചെമ്പൂക്കാവ് | 23-02-11 | 56,250 | 68,750 |
| 13 | മനോളി ലീല,w/oചാക്കോ,ചെക്യേരി | 31-03-11 | 56,250 | 68,750 |

| | | | | |
|---|---|---|---|---|
| 14 | ചെമ്പി,w/oകയമ,ചാലിൽ കോളനി | 26-09-11 | 1,06,250 | 18,750 |
| ഇ.എം.എസ് ഭവനപദ്ധതി(പട്ടികജാതി) | | | | |
| 1 | എ.സി രമേശൻ s/o ചന്തുട്ടി,അനന്തേശ്വരത്ത്,കോളയാട് | 29-09-10 | 37,500 | 62500 |
| 2 | തങ്കമ്മ.ടി.പി<br>കല്ലുമുതിരക്കുന്ന്<br>നിടുമ്പൊയിൽ | 31.12.2011 | 80,000 | 20,000 |

മേൽ പ്രസ്താവിച്ച ഗുണഭോക്താക്കൾക്ക് നാളിതുവരെയായും ബാക്കി തുക നൽകിയിട്ടില്ല. എത്രയുംപെട്ടെന്ന് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ജനങ്ങളുടേയും ഭരണസമിതിയുടെയും, കാര്യക്ഷമമായ ഇടപെടൽ ഉണ്ടാവേണ്ടതാണ്

### 3-15 ജലനിധി പദ്ധതി അവലോകനം

2013 വർഷമാണ് കോളയാട് ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി ആരംഭിച്ചത്. ആകെ 21ശുദ്ധ ജല വിതരണ പദ്ധതികളാണ് ഈ പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളത്. ഈ പദ്ധതിക്ക് വേണ്ടി 2013-14 വർഷത്തിൽ 997825 രൂപയും 2014-15 ൽ 14053459 രൂപയും 2015-16 ൽ 21274131 രൂപയും ആണ് നാളിതുവരെ ചെലവഴിച്ചിരിക്കുന്നത്.

കെയ്റോസ് ഏറ്റെടുത്ത് നടത്തുന്ന 17 പ്രൊജക്ടുകളിൽ 15 എണ്ണമാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്.രണ്ട് എണ്ണം ഉപേക്ഷിച്ചവയാണ്. ആക്ഷൻ ടീം നടത്തുന്ന 4 പ്രെജക്ടുകളിൽ 3 എണ്ണത്തിന്റെ പണി നടന്നുവരികയാണ്. 4എണ്ണം ഉപേക്ഷിച്ചവയാണ്. 2015-16 വർഷം 5ലക്ഷം രൂപ ഈ പദ്ധതിക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2015-16 | 1,75,000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,75,000 | ഇല്ല |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 75,000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 75,000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | സ.ഉ.(സാധാ)നം/207/20009തീ സ്വ ഭ വ / തീയതി 7.11.2009 | 15409050 | 5762976 | 4151021 | - | 16,11,955 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6,560 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13, 2013-14 | 2-1-3(2) | 60 | ഗീത.പി(നഴ്സറി അസിസ്റ്റൻറ്)-എം ജി എം പബ്ലിക്ക് സ്കൂൾ | 11502101447 തീയതി 1.9.2015 |
| 2012-13, 2013-14 | 2-1-3(3) | 60 | സാലി ജോർജ്ജ് (നഴ്സറി അസിസ്റ്റൻറ്)-എം ജി എം പബ്ലിക്ക് സ്കൂൾ | 11502101447 തീയതി 1.9.2015 |
| 2005-06 | 3-7 | 3,067 | ടി.ഹരീന്ദ്രൻ(സെക്രട്ടറി) | 11502100134 തീയതി 9.4.2015 |
| 2005-06 | 3-9 | 3,373 | ടി.ഹരീന്ദ്രൻ(സെക്രട്ടറി) | 11502100134 തീയതി 9.4.2015 |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | 2015-16 |
|---|---|
| തൻവർഷത്തെ വരവ് | 11,09,13,453.00 |
| തൻവർഷത്തെ ചെലവ് | 11,96,61,566.00 |
| വരവ് നഷ്ടം | 14,027 |
| ചെലവ് നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,02,470 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 13,077 | | ശ്രീ.എം.ആർ.പ്രഭാകരൻ |

| | | | |
|---|---|---|---|
| | | | സെക്രട്ടറി |
| 2-3 | 250 | | ശ്രീ.എം.ആർ.പ്രഭാകരൻ<br><br>സെക്രട്ടറി |
| 2-4 | 700 | | ശ്രീ.എം.ആർ.പ്രഭാകരൻ<br><br>സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 30,000 | ഡോ.ഷാമിലി (മെഡിക്കൽ ഓഫീസർ-ആയുർവേദം) |
| 3-5 | 16,000 | ശ്രീ.വിപിൻ ദാസ് (വി ഇ ഒ- വെക്കളം) |
| 3-7 | 2,56,820 | ശ്രീ.എം.ആർ.പ്രഭാകരൻ<br><br>സെക്രട്ടറി |
| 3-8 | 65,000 | ശ്രീ.എം.ആർ.പ്രഭാകരൻ<br><br>സെക്രട്ടറി |
| 3-12എ | 34,650 | ശ്രീ .മാത്യൂ കോശി(കൃഷി ഓഫീസർ) |
| ആകെ | 4,02,470 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല .**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല.**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.ആർ.പ്രഭാകരൻ<br><br>സെക്രട്ടറി | എടവക ഗ്രാമപഞ്ചായത്ത്<br><br>വയനാട് ജില്ല | ഐശ്വര്യഹൗസ്<br><br>വിമല നഗർ |

| | | |
|---|---|---|
| | | മാനന്തവാടി |
| ശ്രീ.വിപിൻ ദാസ് (വി ഇ ഒ- വെക്കളം) | മാലൂർ ഗ്രാമപഞ്ചായത്ത് | വിവി വില്ല<br><br>മാങ്ങാട്ടിടം |
| ശ്രീ .മാത്യൂ കോശി(കൃഷി ഓഫീസർ) | | ഹൗസ് നം -26 , സിറോസ് നഗർ , ശ്രീകാര്യം<br><br>695017 |
| ഡോ.ഷാമിലി (മെഡിക്കൽ ഓഫീസർ- ആയുർവേദം) | (മെഡിക്കൽ ഓഫീസർ- ഗവ: ആയുർവേദംഡിസ്പെൻസറി<br><br>കടവല്ലൂർ ഗ്രാമപഞ്ചായത്ത്<br><br>തൃശ്ശൂർ | വംഗം ഹൗസ് ,<br><br>കീച്ചേരി<br><br>680501 |

## 4-9 ഓഡിറ്റ് ഇംപാക്റ്റ്

താഴെപറയുന്ന തുക ഓഡിറ്റ് തടസ്സവാദത്തെതുടർന്ന് തിരിച്ചടച്ചു

| ക്രമ നം | എൻക്വയറി നം | വിഷയം | തുക | രശീതി നം |
|---|---|---|---|---|
| 1 | 6/7.1.2017 | വിറ്റുവരവിന് അനുസരിച്ച് ലൈസൻസ് ഫീ ഈടാക്കാത്തത് | 1000 | 11602104008<br><br>13-01-17 |
| | 6/7.1.2017 | വിറ്റുവരവിന് അനുസരിച്ച് ലൈസൻസ് ഫീ ഈടാക്കാത്തത് | 3000 | 11602104016<br><br>13-01-17 |
| 2 | 23/ 16.1.17 | കാർഷീക പദ്ധതി- ഗുണഭോക്തൃവിഹിതം<br><br>ഒടുക്കിയതിലെ കുറവ് | 250 | 11602104044<br><br>17-01-17 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്/കെ.എൻ.ആർ/സി.4/1086/09(12)/13-4-2012 |
| 1997-98 | എൽ.എഫ്/കെ.എൻ.ആർ/സി.4/1086/09(13)/13-4-2012 |

| | |
|---|---|
| **1998-99** | എൽ.എഫ്/കെ.എൻ.ആർ/സി.4/1086/09(14)/13-4-2012 |
| 1999-00 പദ്ധതി | എൽ.എഫ്/കെ.എൻ.ആർ/സി.4/1086/09(15)/13-4-2012 |
| 1999-00 തനത് | എൽ.എഫ്/കെ.എൻ.ആർ/സി.4/1086/09(16)/13-4-2012 |
| 2000-01 | എൽ.എഫ്/കെ.എൻ.ആർ/സി.4/1086/09(18)/13-4-2012 |
| 2002-03 | എൽ.എഫ്/കെ.എൻ.ആർ/സി.4/187(1)/10/20-2-2010 |
| 2003-04 | എൽ.എഫ്/കെ.എൻ.ആർ/സി.4/187(2)/10/20-2-2010 |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ/സി.4/213/10/17-4-2010 |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ/സി.4/214/10/17-4-2010 |
| 2006-07 | എൽ.എഫ്/കെ.എൻ.ആർ/സി.5/417/11/17-4-2010 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/സി.5/38/11/17-4-2010 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/സി.5/1018/12(1)15-10-2012 |
| 2009-10 | എൽ.എഫ്/കെ.എൻ.ആർ/സി.5/1018/12/17-10-2012 |
| 2010-11,<br>2011-12 | എൽ.എഫ്/കെ.എൻ.ആർ/സി.5/1757/13/13-8-2014 |
| 2012-13 | എൽ.എഫ്/കെ.എൻ.ആർ/സി.5/1757/13/13-8-2014 |
| 2013-14 | എൽ.എഫ്/കെ.എൻ.ആർ/സി.5/ |
| 2014-15, | കെ.എസ്.എ/കെ.എൻ/സി.5 /1449/ 2016 / 9-08 -2016 |

ഡെപ്യൂട്ടി ഡയറക്ടർ.

<u>അനുബന്ധം</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ /കെ.എൻ.ആർ /സി4/69 /2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ ,

ഇ-മെയിൽ-lfaddistofficeknr@gmail.com

ഫോൺ-0497-2707698

തീയ്യതിഃ 08-02-2017.

,

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തുന്നതിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളെഅവലംബിച്ചും കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധന നിർവഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക വരവ് ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയരക്ടർ,

AUDIT CERTIFICATE

KSA-K.N.R./C4 /69/2017 .

Kerala State Audit Department,

District Audit Office, Kannur-670 001.

e-Mail:lfaddistofficeknr@gmail.com
Phone: 0497-2707698.
Date:08-02-2017

Certified that I have audited the annual Financial Statement of KOLAYAD Gramapanchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the

guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of KOLAYAD Gramapanchayat for the year 2015-16 except the observation in My audit report properly presents the picture of income and expenditure.

Deputy Director.

District Audit Office, Kannur.